Santhigiri

ഗുരുവാണി

"ദൈവം എന്ന മാധ്യമം പുല്ല് മുതൽ അഖണ്ഡം വരെ ചിന്തിച്ചും ചിന്തിപ്പിച്ചും ആവർത്തിച്ചു നിവർത്തിക്കുന്ന കർമ്മമാണ് ."

# ഉമ്മിണിതങ്കം

VOL 03 | ISSUE 25 | 2017 ജൂൺ 25 | 1192 മിഥുനം 11

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## പനിച്ചൂടിൽ കേരളം: ആശ്വാസം പകരാൻ ശാന്തിഗിരി

**ഹെൽത്ത്കെയർ സോൺ:** മഴക്കാലമെത്തിയതോടെ വിവിധ തരം പകർച്ചപ്പനി മൂലം വലയുന്ന കേരളത്തിന് ആശ്വാസം പകർന്ന് ശാന്തിഗിരിയുടെ പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ശ്രദ്ധ നേടുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ പ്രതിരോധ മരുന്നുവിതരണവും ബോധവത്കരണ പ്രവർത്തനങ്ങളും ശുചീകരണവും നടന്നു വരുന്നു. സിദ്ധ മരുന്നായ നിലവേമ്പ് കുടിനീർ പകർച്ചപ്പനിക്കെതിരെ മികച്ച പ്രതിരോധമാണ്. ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാലയിൽ നിന്നുള്ള നിലവേമ്പ് കുടിനീർ ബോട്ടിലുകൾ എല്ലാ ജില്ലകളിലും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ആശ്രമം സ്പിരിചൽ സോൺ പ്രത്യേക കൗണ്ടറിലും ശാന്തിഗിരി ഹോസ്പിറ്റലുകളിലും നിലവേമ്പ് കുടിനീർ ലഭ്യമാണ്. ജീവഹാനിവരെ വരുത്തിവെക്കുന്ന ഡെങ്കിപ്പനി, ചിക്കൻ ഗുനിയ തുടങ്ങിയവയ്ക്കെതിരെ മികച്ച പ്രതിരോധമാണ് നിലവേമ്പ് കുടിനീർ. സിദ്ധവൈദ്യ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഈ വിശിഷ്ട കഷായയോഗം എത്ര കടുത്ത പകർച്ച പനികൾക്കും പ്രതിരോധ ഔഷധമായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഡെങ്കിപ്പനിയുടെ വൈറസ്സുകളെ ഫലപ്രദമായി നേരിടുന്നതിൽ ലോക ശ്രദ്ധ ആകർഷിച്ചതാണ് നിലവേമ്പ് കുടിനീർ.

നിലവേമ്പ് (കിരിയാത്ത്), പർപ്പടകപുല്ല്, കാട്ടുപടവലം, രാമച്ചം, ഇരുവേലി, ചന്ദനം, ചുക്ക്, കുരുമുളക്, മുത്തങ്ങാക്കിഴങ്ങ് തുടങ്ങിയവയുടെ മിശ്രിതം ചേർത്ത് തയ്യാറാക്കുന്ന കഷായ കൽപ്പന 64 തരം പനികളടക്കം എത്ര ഉയർന്ന ജ്വരത്തേയും ശമിപ്പിക്കകയും രക്തശുദ്ധി വരുത്തുകയും ചെയ്യുന്നു. പനി വരാതിരിക്കാനുള്ള പ്രതിരോധ മരുന്നായും, പനി വന്നാൽ ശമന ഔഷധമായും, പകർച്ചപ്പനികൾ പിടിപെട്ടതിനു ശേഷമുള്ള നീർക്കെട്ടും വേദനകളും പൂർണമായും മാറുന്നതിനുള്ള മരുന്നായും നിലവേമ്പ് കുടിനീർ ഉപയോഗിക്കാം.

പനിയുടെ കാഠിന്യവും രോഗത്തിന്റെ നിലയും രോഗിയുടെ ശാരീരിക ക്ഷമതയുമനുസരിച്ച് ഔഷധത്തിന്റെ അളവിലും ദൈർഘ്യത്തിലും ഡോക്ടർമാർ ആവശ്യമായ മാറ്റങ്ങൾ വരുത്താറുണ്ട്.

തമിഴ്നാട് സർക്കാർ മുൻകൈയെടുത്ത് എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഡെങ്കിപനി, ചിക്കുൻഗുനിയാ എന്നിവയ്ക്കു പ്രതിരോധ ഔഷധമായി നിലവേമ്പ് കുടിനീർ പദ്ധതിയായി വിതരണം ചെയ്യുകയും എല്ലാ വർഷവും ഇത് ഒരു തുടർപദ്ധതിയായി നടത്തി വരുകയും ചെയ്യുന്നു.

ആലപ്പുഴ ജില്ലയിൽ ചിക്കുൻഗുനിയയും, തിരുവനന്തപുരം കന്യാകുമാരി ജില്ലകളിൽ ഡെങ്കിപ്പനിയും പടർന്നു പിടിച്ച സമയങ്ങളിൽ കേരളത്തിൽ ശാന്തിഗിരി ആശ്രമം നിലവേമ്പ് കുടിനീർ സൗജന്യമായി വിതരണം ചെയ്ത് കേരള ജനതക്ക് ഈയൊരു ഔഷധത്തെ പരിചയപ്പെടുത്തുകയും പകർച്ച പനികളെ ഫലപ്രദമായി പ്രതിരോധിച്ച് ലോകശ്രദ്ധ ആകർഷിക്കുകയും സർക്കാരിന്റെ പ്രശംസ പിടിച്ചുപറ്റുകയുമുണ്ടായി. ഭാരതത്തിന്റെ തനത് വൈദ്യശാസ്ത്രങ്ങളായ സിദ്ധ വൈദ്യത്തിലും ആയുർവേദത്തിലുമുള്ള ഒട്ടനവധി ദിവ്യ ഔഷധങ്ങളെ യഥാക്രമം കണ്ടെത്തി ഉപയോഗപ്പെടുത്തിയാൽ മാത്രമേ സന്തുലിതമായ ഒരു ആരോഗ്യ സംരക്ഷണം സാധ്യമാകുകയുള്ളൂ എന്നാണ് ഇവ സൂചിപ്പിക്കുന്നത്.




## മെട്രോമാൻ എപ്പിസോഡ് 12 ലക്ഷത്തിലേക്ക്

**തിരുവനന്തപുരം:** പാഥേയത്തിൽ മെട്രോമാൻ ഇ.ശ്രീധരനെക്കുറിച്ചുള്ള എപ്പിസോഡ് 12 ലക്ഷത്തിലേക്ക് കുതിക്കുന്നു. ഫേസ് ബുക്കിൽ ജൂൺ 16 ന് പോസ്റ്റ് ചെയ്ത വീഡിയോ ഇതിനകം പതിനൊന്ന് ലക്ഷത്തിലധികം ആളുകൾ കണ്ടുകഴിഞ്ഞു. ഒരാഴ്ചയ്ക്കകം ലക്ഷങ്ങൾ കണ്ട ഈ വീഡിയോ സോഷ്യൽ മീഡിയയിൽ ശ്രദ്ധേയമായിരിക്കുകയാണ്. പ്രേക്ഷകരുടെ നിരവധി പ്രതികരണങ്ങളും മെട്രോമാൻ എപ്പിസോഡിനു ലഭിക്കുന്നുണ്ട്. ഈയാഴ്ച പാഥേയത്തിൽ വാഗ്ഭടാനന്ദഗുരുവിനെക്കുറിച്ചും പരുമല തിരുമേനിയെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ മലബാറിൽ സാമൂഹിക വിപ്ളവത്തിന് തിരി തെളിച്ച വാഗ്ഭടാനന്ദ ഗുരുവിന്റെ ജീവചരിത്രവും ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വിശുദ്ധൻ പരുമല ഗ്രിഗോറിയോസ് തിരുമേനിയുടെ ചരിത്രവും പ്രക്ഷേപണം ചെയ്യും.

## ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഏകദിന ശില്പശാല ഇന്ന്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ഗവേണിംഗ് കമ്മിറ്റി ചുമതലക്കാർക്കും യൂണിറ്റ് കോഡിനേറ്റേഴ്സിനുമായി ഏകദിന ശില്പശാല ഇന്ന് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ രാവിലെ 9.30 ന് ആരംഭിക്കും. പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ശില്പശാല ഉച്ചയ്ക്ക് 12 മണിക്ക് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യും. ഗൃഹസ്ഥാശ്രമസംഘം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പുതിയ പ്രവർത്തന പദ്ധതികളെ കുറിച്ചുള്ള ചർച്ച ഇൻചാർജ് ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ നടക്കും. കോഡിനേറ്റർമാർ യൂണിറ്റ് തല പദ്ധതികൾ വിശദീകരിക്കും.രാവിലെ കർമ്മോന്മുഖമായ ഗാർഹസ്ഥ്യ ജീവിതം എന്ന വിഷയത്തിൽ വ്യക്തിത്വ വികസന പരിശീലകൻ പി.വി. സുരേന്ദ്രനാഥ്, കണ്ണൂർ ക്ലാസ് നയിക്കും.ഗൃഹസ്ഥാശ്രമസംഘം അസിസ്റ്റന്റ് ജനറൽ കൺവീനർ എം.പി. പ്രമോദ് ആമുഖ പ്രഭാഷണം നിർവഹിക്കും. സീനിയർ കൺവീനർ രാജീവ് എസ്. സ്വാഗതവും ഡെപ്യൂട്ടി കൺവീനർ കരുണാനന്ദ് കെ.കെ. കൃതജ്ഞതയും പറയും. പങ്കെടുക്കേണ്ടവർ രാവിലെ 9 മണിക്ക് മുമ്പായി എത്തിച്ചേരണം. വിവരങ്ങൾക്ക്: **8111882458**

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

സ്നേഹത്തിന്റെ ഒരു മഹാപർവതം പോലെയുള്ള ഭാഗമാണ് ഭക്തി. അത് സ്നേഹത്തിന്റെ ഒരു മാർഗവുമാണ്. കാണുന്നതിനോടൊക്കെ ഒരു മഹിമ തോന്നുന്നതാണ് ആ സ്നേഹം. എന്തിനോടും ഒരു മഹിമ നാം അറിയാതെ നമ്മുടെ ഉള്ളിൽ ഉണ്ടാകുന്ന ഒരു ഭാവനയാണത്. കുട്ടികൾക്ക് കളിപ്പാട്ടത്തിനോടോ രുചിക്കുന്ന വസ്തുക്കളോടോ ആയിരിക്കും പ്രിയം. പ്രായം മാറി വരുന്തോറും അതിന് രണ്ടുവിധത്തിലും മാറ്റം വരുന്നു. ഒന്ന് കാര്യഗൗരവത്തോടും കർമത്തോടും മറ്റൊന്ന് വൈകാരികതയോടും. ഇത് നിങ്ങൾ ഓരോരുത്തരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. പക്ഷേ ഇതെങ്ങനെയെന്ന് പറഞ്ഞുകൊടുക്കാൻ സാധിക്കുകയില്ല.

ഇങ്ങനെ മാറി മാറി ഇതിന്റെ യാഥാർത്ഥ്യമായിരിക്കുന്ന വിനയവും സത്യവും ത്യാഗവും കൂടി ഇണങ്ങിച്ചേർന്നു പ്രവർത്തിക്കുന്ന ഒരു മഹാന്റെയോ അല്ലെങ്കിൽ അതിൽപ്പെട്ട ഒരു ചിന്തയിലേക്കോ നാം എത്തുമ്പോഴാണ് ഇതിന്റെ തൂക്കത്തെപ്പറ്റി അറിയുക. അത്ര വലിയ ഒരു മഹിമയാണത്. അതിൽ നാം ഉൾപ്പെട്ടുനിൽക്കുകയാണ്. അങ്ങനെ നിൽക്കുന്ന നാം ചിന്തിക്കേണ്ടത് - എന്റെ ജീവനിൽ ഇത് കലർത്തി ഇഞ്ചിഞ്ചായി വളർത്തിയെടുത്ത് എന്റെ സഹപ്രവർത്തകരിലും വീടിനും നാടിനും രാജ്യത്തിനും ഉതകത്തക്ക വിധത്തിൽ പ്രവർത്തിക്കണമെന്നായിരിക്കണം. ചിലർ കണ്ടറിഞ്ഞിട്ട് പോകും. മറ്റു ചിലർ അങ്ങനെയല്ല. അവർ പരോപകാരത്തിനുവേണ്ടി എന്ത് ത്യാഗവും അനുഭവിക്കുകയും അശ്രാന്തപരിശ്രമം ചെയ്യുകയും ചെയ്യും. എല്ലാപേരും മനുഷ്യരാണ്. ചിലർക്ക് ഇതെല്ലാം കാണുന്നതുതന്നെ ദേഷ്യം. മറ്റു ചിലർക്ക് സ്നേഹത്തിന്റെ ഭാഗത്ത് ഒരു സ്വാർത്ഥത. അല്ലെങ്കിൽ മറ്റുള്ളവരെന്തു തന്നെ ചെയ്താലും അതിനെ മാനിച്ചറിയാനോ ബഹുമാനിക്കാനോ ഉള്ള അറിവില്ലായ്മ. ഇങ്ങനെ ഓരോ വശത്തും നമുക്ക് കുറവുണ്ട്. ഇതിനെയെല്ലാം മാറ്റിയെടുത്താലേ നമുക്ക് സംസ്കാരം വരികയുള്ളൂ. അതിന് ഒരു പൊതുരംഗത്തു വന്നു നിന്ന് അവിടത്തെ ഓരോ പ്രവൃത്തിയും നമ്മൾ സൂക്ഷിച്ചറിഞ്ഞ് ഇതിനകത്തുള്ള നന്മതിന്മകളെ തിരിച്ചെടുത്ത് നാം വീണ്ടും ത്യാഗം ചെയ്യേണ്ടുന്ന മാർഗത്തിലേക്ക് എത്തണം. അങ്ങനെ ഉയർന്നുവന്ന് ഈ മഹത്വത്തിന്റെ മേന്മ നമ്മളിലുള്ള ഓരോ വ്യക്തിയിലും പകർത്തണമെന്നുള്ള ത്യാഗത്തിന് പുറപ്പെടുക. അങ്ങനെയുള്ള ത്യാഗികളിൽക്കൂടിയാണ് നമുക്ക് ഇന്ന് ഇത്രയും പരിചയപ്പെട്ട് കിട്ടിയിരിക്കുന്നത്.

അത് ഇനി എങ്ങനെ എടുക്കും? ആരിൽക്കൂടി എടുക്കും? നമ്മിലെല്ലാവരിലും അറിവുണ്ട്, ഇതെല്ലാം എടുക്കണമെന്ന് താൽപര്യവുമുണ്ട്. പക്ഷേ അത് ചെയ്യേണ്ട ഭാഗത്തെത്തുമ്പോൾ അതിന് കഴിയാതെയും അഥവാ ചെയ്താൽ അത് പരസ്പരം ചേരാതെയും ചെയ്തുപറ്റിക്കാൻ നമ്മെക്കൊണ്ട് സാധിക്കാതെയും മറ്റുമുള്ള വളരെയധികം അവതാളങ്ങൾ അവിടെയുമുണ്ട്. ഇതിനെ നീക്കി മുന്നോട്ടുപോകണം. അതിന് നാം എന്താണ് ചെയ്യേണ്ടത് എന്ന് ചിന്തിച്ചോതുക്കിക്കൊണ്ട് വേണം ഒരു ഭാഗത്തേക്ക് നീങ്ങേണ്ടത്.

## വചനദീപ്തി

**"ഈശ്വരസ്മരണപോലും ഈശ്വരപ്രസാദമാണ്. അവന്റെ അനുഗ്രഹം കൊണ്ടാണ് നാം അവനെ വിചാരിക്കുന്നതും."**

**രമണ മഹർഷി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജൂൺ 25 മുതൽ ജൂലൈ 1 വരെ*

| | |
|---|---|
| **ഞായർ** | **- ജ്യോതിപുരം, ശാന്തിപുരം** |
| **തിങ്കൾ** | **- കരുണപുരം, ശാന്തിഗിരി ജംഗ്ഷൻ** |
| **ചൊവ്വ** | **- ലക്ഷ്മിപുരം, ആനന്ദപുരം** |
| **ബുധൻ** | **- ജനസേവികപുരം, രത്നഗിരി** |
| **വ്യാഴം** | **- സ്നേഹപുരം, കാഞ്ഞാംപാറ** |
| **വെള്ളി** | **- പോത്തൻകോട്, പാലോട്ടുകോണം** |
| **ശനി** | **- ജ്യോതിപുരം** |

## യാമപ്രാർത്ഥന

*2017 ജൂൺ 29 വ്യാഴം*

**ശാന്തിഗിരി ജംഗ്ഷൻ, രത്നഗിരി, സ്നേഹപുരം**

പ്രകാശപദം

# ഏതു വേല ചെയ്യുമ്പോഴും ഗുരുവിനെ സാക്ഷി നിർത്തി

നമ്മളീ ചെയ്യുന്ന ഓരോ കർമ്മവും, സൂക്ഷ്മാൽ സൂക്ഷ്മതരമായി ഒരു പ്രവർത്തനശേഷിയും ഈ പ്രകൃതിയിൽ വിലയം പ്രാപിച്ചു നില്ക്കുമെന്നും, നല്ലതും ചീത്തയും ഒരുപോലെ നില്ക്കുമെന്നും നാം ധരിക്കണം. ഇതു മനസിലാക്കി ഏറ്റവും ലളിതമായും സമ്പന്നമായും ശാന്തമായ രീതിയിൽ അല്ലെങ്കിൽ വിനയത്തിന്റെ ഭാവത്തിൽ ഗുരുശിഷ്യബന്ധത്തിലേക്ക് കടന്നിട്ട്, ഈ ഗുരുവും ശിഷ്യനുമായിട്ടുള്ള ഏതു സേവനവൃത്തിയിൽ കൂടിയാണ് ശുശ്രൂഷയിൽ കൂടിയാണ് തെളിമയിൽ കൂടിയാണെന്ന് മനസിലാക്കിയിട്ട്, നമ്മൾ ചെയ്തെടുക്കുന്ന കർമത്തിലേക്ക് നമ്മൾ പോകണം. കാരണം ഇത്രയും വലിയ ഒരു കർമം, നാം തൃപ്തിയായിട്ടും അതിന്റെ സങ്കല്പത്തിന്റെ ഭാഗത്തും, ചെയ്തു ഫലിപ്പിച്ചിട്ട് തന്റെ കർമം വേറൊരു സ്വഭാവത്തിൽ പിഴച്ചുപോയാൽ എവിടെയാണ് ആ സങ്കല്പത്തിന്റെ ഫലം നാം അനുഭവിക്കുന്നതെന്ന് അറിഞ്ഞുകൊള്ളണം. കാരണം, ഞാനെന്തൊക്കെയോ ചെയ്തു, ശരി തന്നെയാണ്. പക്ഷെ ഏതിനു വേണ്ടി ചെയ്തു; എന്തിനുവേണ്ടി ചെയ്തു? ധീരനും ആ ധീരതയിൽ സമ്പന്നത പുലർത്തുന്ന ഒരു ഭക്തനാകാനും ആ ഭക്തനിൽ ഭക്തനായി വരാനും വിശുദ്ധരിൽ വിശുദ്ധനാകാനും,തനിക്കു കഴിയുന്ന കർമം സ്വയം ഏറ്റെടുത്തിട്ടു പോകുന്ന ഒരു കർമ്മം, നമ്മളിവിടെ നിന്നേ ചിന്തിച്ചിട്ടു പോകണം. കാരണം, ഒരു വലിയ കാര്യത്തിലേക്ക് കടന്നിട്ട് അതിൽ ബന്ധപ്പെടുന്ന എല്ലാ കർമങ്ങളിലും പെട്ടിട്ട് ഏറ്റവും അഴുക്കിലേക്കു പോകുന്ന പ്രവൃത്തിയും ചിലരിലുണ്ട്. ഇതു മനസിലാക്കിയിട്ട്, എനിക്കറിയാതെ വന്നെങ്കിൽ അത് 'അപ്പാ, ഗുരുവേ ക്ഷമിച്ച് എനിക്കു മാപ്പാക്കിത്തരണം' എന്നുള്ള സങ്കല്പവും നമ്മുടെ മനസിൽ ഉണ്ടാവണം. നമ്മുടെ വീട്ടിലും മറ്റെല്ലാ പ്രവർത്തനശേഷികളിലും ഈ കാര്യം മനസിലാക്കിയിട്ട്, നമ്മുടെ നാട്ടിലും രാജ്യത്തും ലോകത്തും വലിയ ആപത്തുകൾ വരാനുള്ളത് ഒഴിഞ്ഞുപോകണം എന്നുള്ള സങ്കല്പവും നമ്മൾ ചെയ്തിരിക്കണം. ഏതു വേല ചെയ്യുമ്പോഴും അങ്ങനെ ഒരു സങ്കല്പം ഗുരുവിനെ സാക്ഷി നിർത്തി അല്ലെങ്കിൽ ആ സങ്കല്പരൂപത്തെ മനസിൽ ധ്യാനിച്ചിട്ട് നമ്മൾ ചെയ്തുപോകണം. അത് മറക്കാതെ ചെയ്യേണ്ട ഒരു വിഷയമാണ്.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# പേരിനു പിന്നിൽ ജാതിപ്പേരു ചേർത്താൽ



ഈ കാലം അധ്വാനത്തിനു മുൻതൂക്കമുള്ളതാണ്. കർമ്മം തപസ്സാണെന്നു ഗുരു അരുളിച്ചെയ്യുന്നു. ആത്മാവിന്റെ ഭാഷ സത്യമാണ്. ആ ഭാഷയുടെ പുനരാവിഷ്കാരമാണ് ധർമ്മം. സത്യവും ധർമ്മവും ഒന്നിച്ചുചേരുമ്പോൾ പുണ്യഭൃത്യങ്ങൾ സംജാതമാകുന്നു. ധർമ്മം കാലഘട്ടത്തിന്റെ ദൈവനിശ്ചയമാണ്. ആ ദൈവനിശ്ചയത്തിൽ അധ്വാനം അഥവാ വേല ചെയ്യുകയെന്നുള്ളത് അനുപേക്ഷണീയമാണ്. കലിയുഗത്തിൽ ഒരു ജന്മത്തിൽത്തന്നെ നാം ശൂദ്രനായും വൈശ്യനായും ക്ഷത്രിയനായും ബ്രാഹ്മണനായും ജീവിച്ചു തീർക്കുന്നു. അതിനാൽ ഈ യുഗകാലം നല്ല കാലമെന്നു ഗുരു പറയുന്നു. അടിമയും ഉടമയും രാജാവും പ്രജയും ബ്രഹ്മജ്ഞാനിയുമെല്ലാം ഇവിടെ സാധാരണക്കാരനിൽ എത്തിച്ചേരുന്നു. അതിനാൽ ആശ്രമം കർമ്മനിബിഢമാകണമെന്നു ഗുരു പഠിപ്പിച്ചു. ആശ്രമത്തിൽ ഏറ്റവും വലിയ ആരാധന അതായത് കുംഭം നിറയ്ക്കുന്നതുപോലെയോ പുഷ്പാഞ്ജലി ചെയ്യുന്നതുപോലെയോതന്നെ മഹിമ ആശ്രമത്തിൽ സേവനം ചെയ്യുന്നതിനുമുണ്ട്. ആശ്രമത്തിൽ സേവനകർമ്മങ്ങൾ ചെയ്യുന്നതിലൂടെ നമ്മുടെ ഭവനങ്ങളിലുള്ള കെടുതികൾ മാറിപ്പോകുന്നു.

തൊഴുത്തു മുതൽ പൂജാമുറി വരെ എന്നു ഗുരു പറയുമായിരുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ശാപമാണ് കർമ്മത്തിലുള്ള വലുപ്പച്ചെറുപ്പം. താഴ്ന്ന കർമ്മങ്ങളെന്നും ഉയർന്ന കർമ്മങ്ങളെന്നും തരംതിരിച്ചുള്ള പ്രവൃത്തികളും അതിനു നിയോഗിക്കപ്പെട്ടിരിക്കുന്ന ജാതികളും. ഇന്നതു മാറി വരുന്നുണ്ട്. യഥാർത്ഥത്തിൽ ജാതിരഹിതമായൊരു സമൂഹം ഇന്ത്യയിൽ അനിവാര്യമാണ്. "പേരിനു പിന്നിൽ ജാതിപ്പേരു ചേർത്താൽ ഇവരുടെ ചണ്ഡാളത്വം മാറുമോ" എന്ന ഗുരുവിന്റെ പ്രസിദ്ധമായൊരു വചനമുണ്ട്. മറ്റുള്ളവരെക്കാൾ ഉയർന്നവരെന്ന അഭിമാനബോധം നിലനിർത്താനാണു വാസ്തവത്തിൽ ഈ ജാതി പറഞ്ഞുള്ള മിഥ്യാഭിമാനം. ആരാണ് വലിയവൻ? ജാതിയോ ജാതിപ്പേര് ഉപയോഗിക്കുന്നവരോ? മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ എന്തു വ്യത്യാസമാണ് ഇവർക്കുള്ളത്. താഴ്ന്നകർമ്മങ്ങളിൽ ഏർപ്പെടുന്ന വിദ്യാസമ്പന്നരും ധനികരും സംസ്കാരസമ്പന്നരാണ്. വിവേകാനന്ദ സ്വാമികൾ പറയുന്നതുപോലെ "ഒരു പിച്ചക്കാരൻ മൂന്നു ദിവസം പട്ടിണി കിടന്നിട്ട് ഞാൻ മൂന്നു ദിവസമായി വ്രതം പാലിക്കുകയായിരുന്നെന്ന് പറഞ്ഞാൽ അതപഹാസ്യമാണ്. എന്നാൽ എല്ലാം ഉള്ള ഒരു ധനികൻ ഭക്ഷണം ഉപേക്ഷിച്ചു മൂന്നു ദിവസം വ്രതമാചരിച്ചാൽ അതു വലിയ കാര്യം തന്നെയാണ്." അതുകൊണ്ട് വിദ്യാസമ്പന്നരും ധനികരും താഴ്ന്നതെന്ന് കരുതുന്ന കർമ്മങ്ങളിൽ ഏർപ്പെടണം. അപ്പോൾ സാധാരണക്കാരായ ആളുകൾക്ക് തൊഴിലിനോടുള്ള മനോഭാവം മാറും.

ഇവിടെ ശാന്തിഗിരിയിൽ ഒരു വിശ്വമാനവൻ ഉണർന്നിരിക്കുന്നു. ആ ദിവ്യപാദങ്ങൾ പതിഞ്ഞ മണ്ണാണിത്. ഇവിടെ നിന്ന് ലോകവിമോചനത്തിന്റെ ഒരു കർമ്മകാണ്ഡം ഉദയം കൊള്ളുന്നു. ഈ മണ്ണിൽ പ്രവേശിക്കുമ്പോൾ നമ്മുടെ ശിരസു കുനിയണം. ആ ദിവ്യപാംസുക്കൾ ശിരസിലണിയണം. എത്ര പ്രയാസപ്പെട്ടു വരുന്നവരും ഈ മണ്ണിൽ പ്രവേശിക്കുമ്പോൾ അവർക്കാശ്വാസം ലഭിക്കുമെന്ന് ഗുരു അരുളിചെയ്തിരിക്കുന്നു. ഗുരുവിന്റെ സത്യമായ വാക്ക് ഇന്ന് അനുഭവമായി മാറിയിരിക്കുന്നു.

# എസ്.ആർ.എഫ്. ദേശീയ സെമിനാർ ജൂലൈ ഒന്നു മുതൽ

**റിസർച്ച് സോൺ:** ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ വയനാട്ടിലെ ആദിവാസി ജീവിതവും സംസ്കാരവും നേരിടുന്ന പ്രശ്നങ്ങളും പ്രതിവിധികളും സംബന്ധിച്ച് മൂന്നു ദിവസത്തെ ദേശീയ സെമിനാർ ജൂലൈ ഒന്നു മുതൽ മൂന്നു വരെ സുൽത്താൻ ബത്തേരി ശ്രേയസ് സോഷ്യൽ സർവീസ് സെന്ററിൽ വച്ച് നടക്കും. ഇൻഡ്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ചിന്റെ (ഐസിപിആർ) സഹകരണത്തോടെ ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഐസിപിആർ ചെയർമാൻ ഡോ. എസ്.ആർ. ഭട്ട്, ഡോ. രാജീവ് ഭട്ട്, പ്രൊഫ. എസ്.എൻ. ചൗധരി, ഡോ. സുധീർ സിംഗ് തുടങ്ങിയവർ സംബന്ധിക്കുന്നതാണ്. ശാന്തിഗിരി ആശ്രമം വയനാട് ഏരിയ ഓഫീസ് ഇൻചാർജ് സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി പങ്കെടുക്കും.

# വിദ്യാഭവനിൽ കുട്ടികൾക്ക് നിസ്കാരത്തിന് സൗകര്യമൊരുക്കി സ്കൂൾ അധികൃതർ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവനിൽ ഇസ്ലാം മതസ്ഥരായ കുട്ടികൾക്കായി നിസ്കരിക്കുന്നതിന് സ്കൂൾ അധികൃതർ പ്രത്യേക സൗകര്യം ഒരുക്കി. ക്ലാസ് റൂമിനോട് ചേർന്ന് പ്രത്യേകം തയ്യാറാക്കിയ സ്ഥലത്താണ് നമസ്കാരത്തിന് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിനായി സ്കൂളിലെ ചിത്രകലാ അദ്ധ്യാപകനും ചിത്രകാരനുമായ ഷൈജു കെ. മാലൂർ വരച്ച മെക്കയുടെ ചിത്രം ഏറെ ശ്രദ്ധേയമായി. ശാന്തിഗിരി വിദ്യാഭവനിൽ പഠിക്കുന്ന നിരവധി മുസ്ലിം വിദ്യാർത്ഥികൾക്ക് റംസാൻ മാസത്തിൽ പ്രാർത്ഥിക്കുന്നതിന് ഈ സൗകര്യം ഏറെ ഉപകാരപ്പെട്ടിട്ടുണ്ട്.



*വിദ്യാഭവനിലെ നിസ്കാര സ്ഥലം*



*ആനന്ദപുരത്ത് വി.ബിജേഷ് കുമാർ– യു.വന്ദിത ദമ്പതിമാരുടെ ഭവനമായ 'ഗുരുസ്തുതി'യുടെ ഗൃഹപ്രവേശന കർമ്മം ജൂൺ 21 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിച്ചു.*






## എച്ച്.ആർ. വാർത്തകൾ

ലാ ഡിപ്പാർട്ട്മെന്റിലെ ഡെപ്യൂട്ടി മാനേജർ ആർ. മുത്തുമണിക്ക് അഡീഷണൽ മാനേജരായും സീനിയർ എക്സിക്യൂട്ടീവ് എ. അനീഷ് കുമാറിന് അസിസ്റ്റന്റ് മാനേജരായും സ്ഥാനക്കയറ്റം നല്കി. അസിസ്റ്റന്റ് രേഖ കെ.ആർ. നും ഗ്രേഡ് വണിലേക്ക് സ്ഥാനക്കയറ്റം നല്കി.

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർ ഡോ. എസ്.പി. രാജലക്ഷ്മിക്ക് സിദ്ധ മെഡിക്കൽ കോളേജ് ലക്ചററായി സ്ഥാനക്കയറ്റം നല്കി.എസ്എച്ച്ആർഒ.യിലെ അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർ (സിദ്ധ) ഡോ. സേനു എസിന് ഡെപ്യൂട്ടി മെഡിക്കൽ ഓഫീസറായി സ്ഥാനക്കയറ്റം നല്കി.

മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിലെ എക്സിക്യൂട്ടീവ് ബിനു ആർഎസിനു സീനിയർ എക്സിക്യൂട്ടീവ് ആയി സ്ഥാനക്കയറ്റം നല്കി.

വിവിധ ഡിപ്പാർട്ടുമെന്റുകളിലെ സീനിയർ അസിസ്റ്റൻറുമായ ഷീല എസ് (മാർക്കറ്റിംഗ്), സിന്ധുമോൾ ആർ (എച്ച്.ആർ), ശ്രീലത എസ് (കമ്യൂണിക്കേഷൻസ്) എന്നിവരെ ബ്രാക്കറ്റിൽ ചേർത്തിരിക്കുന്ന ഡിപ്പാർട്ടുമെന്റിലേക്ക് മാറ്റി നിയമിച്ചു.

# ഹരിതവിദ്യാലയം പദ്ധതി തുടങ്ങി

**എജ്യൂക്കേഷൻ സോൺ:** പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ മാതൃഭൂമി സീഡ് ക്ലബിന്റെ നേതൃത്വത്തിൽ ഹരിതവിദ്യാലയം പദ്ധതിക്ക് തുടക്കം കുറിച്ചു.

വിദ്യാലയവും പരിസരവും ഹരിതാഭമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നവാഗതരായ കുട്ടികൾക്ക് വൃക്ഷത്തൈകൾ നല്കി സ്വീകരിച്ചുകൊണ്ട് പദ്ധതിയുടെ ഉദ്ഘാടനം പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി നിർവഹിച്ചു. സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾ വൃക്ഷത്തൈകൾ നട്ടു. സീഡ് കോർഡിനേറ്റർ ബിന്ദു എം.പി., പ്രദീപ് വി.എസ് ബിജു സി.ആർ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നല്കി.



*ശാന്തിമഹിമ സത്സംഗത്തിൽ നിന്ന്*

# യൂണിറ്റ് സത്സംഗങ്ങൾ ആരംഭിച്ചു

**സ്പിരിചൽ സോൺ:** നവതി സമർപ്പണ പ്രവർത്തനങ്ങളോടനുബന്ധിച്ച് ശാന്തിഗിരി ശാന്തിമഹിമയുടെ തിരുവനന്തപുരം റൂറൽ ഏരിയ സത്സംഗങ്ങൾ ആരംഭിച്ചു. ജൂൺ 22 ന് ആദ്യ സത്സംഗം നടന്നു. ആശയപരമായി ജീവിക്കുന്നതിന്റെ പ്രാധാന്യം, നവതി പ്രവർത്തനങ്ങൾ, ശാന്തിഗിരി കർക്കടക കഞ്ഞി വിപണനം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. ശാന്തിമഹിമ ഗവേണിംഗ് കമ്മിറ്റി ചുമതലക്കാർ, റൂറൽ ഏരിയ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു. 12 യൂണിറ്റുകളിലും സത്സംഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.



*പി. പത്മകുമാരി*

## ദിവംഗതയായി

**മുട്ടട:** റ്റി.കെ.ഡി. റോഡ് റ്റി.സി. 3/392 ആലപ്രത്ത് വീട്ടിൽ ശ്രീനിവാസന്റെ ഭാര്യ പി. പത്മകുമാരി (74) ദിവംഗതയായി. ശാന്തിപുരം ശാന്തിസദനത്തിൽ എസ്. ദിനേശിന്റെ മാതാവാണ്. മറ്റ് മക്കൾ: എസ്.ദിലീപ്, സന്ധ്യ പി. മരുമക്കൾ: ജെ. ബാബുസേനൻ, എം.എൽ സരിത

# അന്തർദേശീയ യോഗാദിനം ആചരിച്ചു



ശാന്തിഗിരി വിദ്യാഭവൻ എച്ച്എസ്എസ് യോഗ ക്ലാസ്



ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ യോഗ ക്ലാസ്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ അഭിമുഖ്യത്തിൽ അന്തർദേശീയ യോഗാദിനാചരണം നടന്നു. രാവിലെ 7 മണിക്ക് കോളേജ്ആഡിറ്റോറിയത്തിൽ വച്ച നടന്ന മാസ് യോഗ യോഗാചാര്യൻ പൗഡീക്കോണം കൃഷ്ണൻ നായർ നയിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ.കെ.ജഗന്നാഥൻ, ഡോ. കെ. കെ. നന്ദഗോപാൽ, ഡോ. ജെ. നിനപ്രിയ, ഡോ.എം.നിജവിഴി, ഡോ. എസ്.പി. രാജലക്ഷ്മി എന്നിവരും നൂറിലധികം വിദ്യാർത്ഥികളും മാസ് യോഗയിൽ പങ്കെടുത്തു.

ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ യോഗ ദിനാചരണം നടന്നു.എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്കൂൾ പ്രിൻസിപ്പൽ ജനനി കൃപ ജ്ഞാനതപസ്വിനി, വൈസ് പ്രിൻസിപ്പൽ എസ്.വി. ശ്രീജിത്ത് തുടങ്ങിയവർ സംബന്ധിച്ചു.എൻഎസ്എസ് പ്രോഗ്രാം ഓഫീസർ എ. സജീറിന്റെയും പി.റ്റി. ടീച്ചറായ വി.എസ്. പ്രദീപിന്റെയും നേതൃത്വത്തിൽ യോഗ പരിശീലനം നടന്നു.



ശാന്തിഗിരി വിദ്യാഭവൻ എസ്എസ്എസ് യോഗ ക്ലാസ്

ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലും യോഗ ദിനം നടന്നു. രാവിലെ യോഗ ക്ലാസ് നടന്നു. അദ്ധ്യാപകരായ ഷൈജു കെ. മാലൂർ, വി.എസ് പ്രദീപ് തുടങ്ങിയവർ നേതൃത്വം നല്കി.

## ശാന്തിഗിരിയിൽ വായനാദിനം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജൂൺ 19 ന് നടന്ന വായനാദിന പരിപാടികൾ മുൻഎംപി പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ദൃശ്യമാധ്യമങ്ങൾ വായനയെ അപഹരിക്കുന്ന കാലഘട്ടത്തിൽ മനസിന്റെ ആകാശവിതാനങ്ങൾക്ക് വിസ്തൃതി കൂട്ടുവാൻ വായനയോളം മറ്റൊന്നിനും കഴിയുകയില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വായന ഒരു അനുഭവമാണ്. കണ്ണ് അക്ഷരങ്ങളിലാണെങ്കിലും മനസ് വരികൾക്കപ്പുറമുള്ള ഭാവനയുടെ തലങ്ങളിലായിരിക്കും. ഇതിന് വായനയ്ക്ക് മാത്രമെ കഴിയൂ. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി തുടങ്ങിയവർ സംബന്ധിച്ചു. കുട്ടികളുടെ കഥാ വായന, അക്ഷരവൃക്ഷം, ഗിത്താർ വായന തുടങ്ങി വിവിധങ്ങളായ പരിപാടികളും അരങ്ങേറി. ബിന്ദു നന്ദന, സുനിത ബിജു, സ്മിജേഷ് എസ്എം, ഷൈജു കെമാലൂർ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നല്കി.



വായനാദിനപരിപാടിയിൽ നിന്ന്

## നാരായണൻ മാമന് യാത്രയയപ്പ്

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം തങ്ങാലൂർ ബ്രാഞ്ചിലേക്ക് (തൃശൂർ) സ്ഥലം മാറി പോകുന്ന സ്പിരിച്വൽ സോൺ കോർഡിനേറ്റർ എ. നാരായണന് (നാരായണൻ മാമൻ) സ്നേഹോഷ്മളമായ യാത്രയയപ്പ്. ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റേയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടത്തിയ യാത്രയയപ്പ് ചടങ്ങ് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. 1988 മുതലുള്ള അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനത്തിനുള്ള ആദരവാണ് ഈ ചടങ്ങെന്നും, അദ്ദേഹത്തിനും കുടുബാംഗങ്ങൾക്കും ഗുരുകാരുണ്യവും സകല ഐശ്വര്യങ്ങളും ലഭിക്കുവാൻ പ്രാർത്ഥിക്കുന്നുവെന്നും സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി പറഞ്ഞു.




നാരായണൻ മാമന് സന്ന്യാസിമാർ ഉപഹാരം നല്കുന്നു

സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി ധർമ്മാനന്ദ ജ്ഞാന തപസ്വി, സബീർ തിരുമല, നിബു.വി.എസ്, കെ. രവീന്ദ്രൻ, എസ്. ശ്യാംകുമാർ, പ്രസാദ് കാശിനാഥ് തുടങ്ങിയവർ സംബന്ധിച്ചു. സന്ന്യാസിമാർ പൊന്നാട അണിയിക്കുകയും, സ്നേഹോപഹാരം കൈമാറുകയും ചെയ്തു. നാരായണൻ മാമൻ മറുപടി പ്രസംഗം നടത്തി.

## സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായി ഡോ. എ. വാസുകിദേവി ചുമതലയേറ്റു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായി ഡോ. എ. വാസുകിദേവിയെ (60) നിയമിച്ചു. സിദ്ധവൈദ്യത്തിൽ എം.ഡി. എടുത്തിട്ടുള്ള തമിഴ്നാട് സേലം സ്വദേശിനിയായ ഡോ. വാസുകി ദേവി ചെന്നൈ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയിൽ ഉൾപ്പെടെ വിവിധയിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

സൂതമുനിവാക്യം എന്ന ഗ്രന്ഥത്തിന്റെ രചയിതാവും വിവിധ യോഗ കോഴ്സുകളുടെ പരിശീലകയുമാണ്. തമിഴ്നാട് സർക്കാർ സർവീസിലും പ്രവർത്തിച്ചിട്ടുണ്ട്. സിദ്ധ അറിവിയൽ മരുത്വം, സിദ്ധ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി എന്നിവയുടെ ഭരണസമിതികളിലും പ്രവർത്തിച്ചു. അവിവാഹിതയാണ്.



ഡോ. എ. വാസുകിദേവി

## ഡോ. ജി. നാഗഭൂഷണം പാലക്കാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ

**പാലക്കാട്:** പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായി ഡോ. ജി.നാഗഭൂഷണം ചുമതലയേറ്റു. തെലങ്കാന സ്വദേശിയായ ഇദ്ദേഹം ഹൈദരാബാദ് ഗവൺമെന്റ് കോളേജിൽ നിന്നും കോട്ടയ്ക്കൽ ആയുർവേദ കോളേജിൽ നിന്നും ഉപരിപഠനം പൂർത്തിയാക്കി. മനോരോഗ വിഭാഗം വിദഗ്ദ്ധനാണ്. നേരത്തെ കോയമ്പത്തൂർ ആയുർവേദ കോളേജിലും പന്തളം മന്നം കോഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലും വൈസ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജിലും സേവനം ചെയ്തു.



ഡോ.ജി. നാഗഭൂഷണം

ഭാര്യ: ഡോ. ഉഷാകുമാരി. (ഐഐഎസ്എം മെഡിക്കൽ ഓഫീസർ). മകൾ: ശിവാനി (സ്കൂൾ വിദ്യാർത്ഥിനി)



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala